ഉത്തരം

(എ&ബി) പ്രസ്തുത ദേശീയപാതയിലെവെങ്ങോലി,വെങ്ങളം,നാന്ദി, ചെങ്കോട്ടുകാവ്, മുഴുപ്പിലങ്ങാട്, ചൊവ്വ, നടാൽ എന്നീ ലവൽ ക്രോസുകൾക്കു പകരം റെയിൽവേ ഓവർ ബ്രിഡ്ജുകൾ പണിയുന്നതിന് 21-01-2000-ൽ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ചോറോട് മേൽപ്പാലത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര ഉപരിതല മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. വെങ്ങോലി, വെങ്ങളം, മുഴുപ്പിലങ്ങാട് ഓവർബ്രിഡ്ജുകളുടെ പണിക്ക് വേണ്ടി റെയിൽവേ തയ്യാറാക്കിയ കരട് പ്ലാൻ അംഗീകരിക്കുകയും ആയതിന്റെ പണി സംസ്ഥാന റോഡ് പാലം കോർപ്പറേഷൻ മുഖാന്തിരം ചെയ്യിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ചെങ്കോട്ടുകാവ്, നാന്ദി ഓവർബ്രിഡ്ജുകൾക്ക് വേണ്ടി റെയിൽവേ തയ്യാറാക്കിയ കരട് പ്ലാൻ സംസ്ഥാന ദേശീയപാത വിഭാഗം പരിശോധിച്ചു വരുന്നു. ചൊവ്വ, നടാൽ ഓവർ ബ്രിഡ്ജുകളുടെ റെയിൽവേ തയ്യാറാക്കിയ കരട് പ്ലാൻ സൈറ്റ് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ദേശീയപാത വിഭാഗം നടപടി സ്വീകരിച്ചുവരുന്നു. ഈ രണ്ട് പണികളുടെയും നിർമ്മാണച്ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അതോടൊപ്പം തന്നെ ഈ രണ്ടു പണികളും അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിലേയ്ക്കായുള്ള ശുപാർശകൾ കേന്ദ്ര ഉപരിതലമന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ നിർമ്മാണ പ്രവർത്തനം നടക്കുന്ന റോഡുകളും പാലങ്ങളും

42 (1285) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ച് നിർമ്മാണത്തിനായി ടെണ്ടർ ചെയ്ത റോഡുകളും പാലങ്ങളും ഏതെല്ലാം ;

(ബി) ഇവ ഓരോന്നും എന്നാണ് ടെണ്ടർ ചെയ്തതെന്ന് വ്യക്തമാക്കുമോ ;

(സി) ഇവയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) എപ്പോൾ ഇവയുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. അങ്ങാടിപ്പുറം-പരിയാപുരം-ചെറുകര റോഡ് കിലോമീറ്റർ 0/00 മുതൽ 7/610 വരെ വികസനം.

2. മലപ്പുറം-പരപ്പനങ്ങാടി റോഡ് അല്ലെങ്കിൽ തിരൂരങ്ങാടി തൃതപ്പാലം റോഡ്-വളവു നിവർത്തൽ.

3. സ്രായിൽക്കടവ് പാലം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. അങ്ങാടിപ്പുറം-പരിയാപുരം-ചെറുകര റോഡ് 23-2-2000 ന്

2. മലപ്പുറം-പാപ്പനങ്ങാടി റോഡ്. 9-12-1998 ന്

3. സ്രായിൽക്കടവ് പാലം 6-1-2000 ന്

(സി) 1. അങ്ങാടിപ്പുറം-പരിയാപുരം-ചെറുകരറോഡിന്റെ നിർമ്മാണം തുടങ്ങിയിട്ടില്ല. ഇതിന്റെ പ്രീക്വാളിഫിക്കേഷൻ ടെന്റർ ലഭിക്കേണ്ട അവസാന തീയതി 23-2-2000 ആണ്

2. മലപ്പുറം-പാപ്പനങ്ങാടി റോഡിന്റെ പണി പുരോഗതിയിലാണ്.

3. സ്രായിൽക്കടവ് പാലത്തിന്റെ പണി തുടങ്ങിയിട്ടില്ല. വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. എഗ്രിമെന്റ് വച്ചിട്ടില്ല.

(ഡി) 1. അങ്ങാടിപ്പുറം-ചെറുകര റോഡിന്റെ പണി തുടങ്ങിക്കഴിഞ്ഞാൽ 18 മാസത്തിനകം പണി പൂർത്തിയാക്കാവുന്നതാണ്.

2. മലപ്പുറം-പാപ്പനങ്ങാടി റോഡിന്റെ പണി 31-3-2000-ൽ തീരുന്നതാണ്.

3. പണി തുടങ്ങി 18 മാസംകൊണ്ട് പൂർത്തിയാക്കാവുന്നതാണ്.

റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം

43 (1286) ശ്രീ. പി. രാഘവൻ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എളമരം കരീം :
ശ്രീ. ലോനപ്പൻനമ്പാടൻ :
ശ്രീ. പി. കെ. കുമാരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി മൊബൈൽ സർവ്വീസ് യൂണിറ്റുകൾ നിലവിലുണ്ടോ ;

(സി) എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) കൂടുതൽ മൊബൈൽ സർവ്വീസ് യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ;

(ഇ) എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് മൊബൈൽ സർവ്വീസ് യൂണിറ്റുകൾ പുതുതായി ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്തെ റോഡുകൾക്ക് ശക്തിക്ഷയമുണ്ടാകും വിധമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടി ആണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly